**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1079** **06-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും പഠനത്തിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (എ) | വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് 'വിദ്യാതീരം' എന്ന തുടർ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സംഗ്രാൻറ്, പ്രതിമാസ സ്റ്റൈപൻറ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവയും നൽകി വരുന്നു. 2020-21 ൽ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യത്തിനായി 32.5 കോടി രൂപ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി പ്ലാൻ ഫണ്ടിൽ 5.33 കോടി രൂപയും നോൺ പ്ലാനിൽ 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. +2 മുതലുള്ള ക്ലാസുകളിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 2017-18 മുതൽ ഇ-ഗ്രാൻറ്സ് പദ്ധതി വഴി അനുവദിച്ച് വരുന്നു. തീരദേശത്തെ 10 ഗവൺമെൻറ് ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകി വരുന്നു. ടി സ്കൂളുകളെ മികവിൻറെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം ബാങ്ക് പരിശീലനം , സിവിൽ സർവ്വീസ് പരിശീലനം, പി.എസ്.സി പരീക്ഷാ പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2015-16 മുതൽ 2020-21 വരെ 331 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുകയും ഇതിൽ 49 വിദ്യാർത്ഥികൾ എം.ബി.ബി.എസ് നും 84 പേർക്ക് ഇതര |

| | | | |
|---|---|---|---|
| | | | കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. 2021-22 ൽ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇൻറർനെറ്റ്, ടി.വി, പ്രൊജക്റ്റർ, പ്രിൻറർ എന്നീ ആധുനിക പഠന സഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് 'പ്രതിഭാതീരം' എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഓൺലൈൻ പഠന സൗകര്യം ലഭ്യമല്ലാത്ത 2000 മത്സ്യത്തൊഴിലാളി കുട്ടികൾക്ക് ടാബ് വാങ്ങി നൽകുന്ന 'ജ്യോതിർഗമയ' പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ